പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5790. 03.11.2016 ന് മറുപടിയ്ക്ക്.

## സ്കിൽ കാമ്പസ്

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. അനിൽ അക്കര : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിന്റെ കീഴിൽ സ്കിൽ കാമ്പസ് ആരംഭിച്ചിട്ടുണ്ടോ;<br><br>(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് സ്കിൽ ക്യാമ്പസ്സുകളിൽ നടക്കുന്നത്; വിവരിക്കുമോ;<br><br>(സി) ഏതൊക്കെ തൊഴിൽ മേഖലകളാണ് ഇതിന്റെ പ്രവർത്തനത്തിനുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം? | <u>(എ), (ബി) & (സി)</u> ഉണ്ട്. എറണാകുളം ജില്ലയിലെ അങ്കമാലിയിൽ സ്ഥിതി ചെയ്യുന്ന ഇങ്കൽ ടവറിലെ സ്കിൽ ക്യാമ്പസിൽ താഴെപറയുന്ന മികവിന്റെ കേന്ദ്രങ്ങൾ (സെന്റർ ഓഫ് എക്സലൻസ്) പ്രവർത്തിച്ചുവരുന്നു.<br><br><u>ESPOiR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്)</u><br>ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ് (ESPOiR) എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ 06.12.2015 മുതൽ പ്രവർത്തിച്ചുവരുന്നു.<br><br><u>CEED (സെന്റർ ഫോർ എക്സലൻസ് ഇൻ എന്റർപ്രെണർഷിപ്പ് ഡെവലപ്മെൻറ്)</u><br>തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്ക് വേണ്ടി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് ഇൻഡ്യ അഹമ്മദാബാദ് എന്ന സ്ഥാപനവുമായി ചേർന്ന് സെന്റർ ഓഫ് എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെൻറ് (CEED) എന്ന മികവിന്റെ കേന്ദ്രം എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു. ഇവ കൂടാതെ, ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, മൾട്ടിസ്കിൽ, സെക്യൂരിറ്റി, ഹോസ്പിറ്റാലിറ്റി, റീട്ടെയിൽ, ബാങ്കിംഗ് & ഫിനാൻസ്, പരമ്പരാഗത മേഖലകളായ ഹാൻഡ് ലൂം, ഫിഷറീസ് എന്നീ മേഖലകളിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

Bindu

സെക്ഷൻ ഓഫീസർ